പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 555     30/06/2016 ൽ മറുപടിക്ക്

**മൃഗാശുപത്രികൾ വെറ്ററിനറിപോളി ക്ലിനിക്കുകളായി ഉയർത്തുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | അഡ്വ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്ത് എത്ര മൃഗാശുപത്രികൾ വെറ്ററിനറി പോളിക്ലിനിക്കുകളായി ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;<br><br>ബി) പ്രസ്തുത പോളിക്ലിനിക്കുകൾക്ക് അനുമതി നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വക യിരുത്തിയിരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | **(എ)യും (ബി) യും**<br>ഈ വിഷയം സർക്കാർ തലത്തിൽ തീരുമാനം ആയിട്ടില്ല.<br><br>2015-16 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ക്രമനമ്പർ 81 (മൃഗസംരക്ഷണം) പ്രകാരം സംസ്ഥാനത്തെ വെറ്ററിനറി സേവനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 7 പോളിക്ലിനിക്കുകൾ അനുവദിക്കുന്നതിന് 1.70കോടി രൂപ വകയിരുത്തിയിരുന്നു. ഇതുപ്രകാരം തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ മാറനല്ലൂർ വെറ്ററിനറി ഡിസ്പെൻസറി, കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ കടുത്തുരുത്തി വെറ്ററിനറി ഡിസ്പെൻസറി, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ കൂത്താട്ടുകുളം വെറ്ററിനറി ഹോസ്പിറ്റൽ, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തിരൂരങ്ങാടി വെറ്ററിനറി ഡിസ്പെൻസറി, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിലെ കുന്ദമംഗലം വെറ്ററിനറി ഹോസ്പിറ്റൽ, കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ ചെറുവാഞ്ചേരി വെറ്ററിനറി ഹോസ്പിറ്റൽ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ കാഞ്ഞങ്ങാട് വെറ്ററിനറി ഹോസ്പിറ്റൽ എന്നീ വെറ്ററിനറി ഡിസ്പെൻസറി/ വെറ്ററിനറി ഹോസ്പിറ്റലുകളെ |

പോളിക്ലിനിക്കുകൾ ആക്കി ഉയർത്തുന്നതിനുള്ള ശുപാർശ ലഭിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും നിലവിലുള്ള സാമ്പത്തിക നിയന്ത്രണ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ടി ശുപാർശ പരിഗണിക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

**സി)** പോളി ക്ലിനിക്കുകൾ സംബന്ധിച്ച് പുതിയ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; കടുത്തുരുത്തി മൃഗാശുപത്രി പോളിക്ലിനിക്കായി ഉയർത്തുന്നത് സംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

**സി)** പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.
7 വെറ്ററിനറി ഡിസ്പെൻസറി/വെറ്ററിനറി ഹോസ്പിറ്റലുകൾ എന്നിവയെ പോളിക്ലിനിക്കുകൾ ആക്കി ഉയർത്തുന്നതിനുള്ള ശുപാർശയിൽ കടുത്തുരുത്തി മൃഗാശുപത്രിയും ഉൾപ്പെട്ടിരുന്നു. എന്നാൽ സാമ്പത്തിക നിയന്ത്രണ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശുപാർശ പരിഗണിക്കുകയുണ്ടായില്ല. നിലവിൽ അത്തരം നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ